പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2079 23.03.2012 ൽ മറുപടിയ്ക്ക്

അണക്കെട്ടുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.വർക്കല കഹാർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഇ.ബി.യുടെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളുടെ നവീകരണത്തിനും ഇൻസ്ട്രുമെന്റേഷനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കാമോ ; | (എ) കെ.എസ്.ഇ.ബിയുടെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളുടെ നവീകരണവും ഇൻസ്ട്രുമെന്റേഷനും DRIP (ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട്) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി, പഴക്കം ചെന്ന ഡാമുകളുടെ വിവിധ തരത്തിലുള്ള അറ്റകുറ്റപണികൾ, പ്രവർത്തനക്ഷമതയുടെ ശാസ്ത്രീയമായ നിരീക്ഷണം, അതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കൽ അണക്കെട്ടുകളുടെ സുരക്ഷയ്ക്കുള്ള അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവ ചെയ്യാനുദ്ദേശിക്കുന്നു. |
| (ബി) ലോക ബാങ്കിന്റെ സഹായം ഈ പദ്ധതിക്ക് ലഭ്യമാണോ ; വിശദമാക്കുമോ ; | (ബി) ലഭ്യമാണ്. 80% ലോകബാങ്ക് സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത് |
| (സി) അണക്കെട്ടുകളുടെ ആയുസ്സ് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ? | (സി) ഉണ്ട്. |

സെക്ഷൻ ഓഫീസർ

r/